പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. **4191**

**25.06.2014**ലെ മറുപടിയ്ക്ക്

പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.സി.പി. മുഹമ്മദ് | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പ് പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതിയ്ക്ക് രൂപം നൽകിയിട്ടു ണ്ടോ ; വിശദമാക്കുമോ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശങ്ങൾ നൽകുമോ ; | (എ) & (ബി) 25-30 വർഷം പ്ലാന്റേഷനിൽ ജോലി ചെയ്ത കഴിഞ്ഞ് റിട്ടയർ ചെയ്യുമ്പോൾ സ്വന്തമായി വീടില്ലാത്ത പ്ലാന്റേഷൻ തൊഴിലാളികൾക്ക് സ്വന്തം വീട് ലഭ്യമാക്കുന്ന പദ്ധതിയാണ് ഇത്. കൂടാതെ, പ്ലാന്റേഷൻ മേഖലയിൽ തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള ഭവനം പദ്ധതിയിലൂടെ തൊഴിലാളികളെ പ്ലാന്റേഷൻ മേഖലയിൽ നിലനിർത്തുന്നതിന് സാഹചര്യം ഉണ്ടാകുന്നതാണ്. |
| (സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിച്ചത്; വിശദമാക്കുമോ; | (സി) ചെലവുകുറഞ്ഞ ഏകദേശം 500-600 സ്ക്വയർ ഫീറ്റ് ഉള്ള 2 ബെഡ് റൂമോടുകൂടിയ ഫ്ലാറ്റ് /സിംഗിൾ മോഡൽ / ഫ്ളാറ്റ് മോഡൽ വീടുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഇവർക്ക് പൊതുസ്ഥലം, കിന്റർഗാർഡൻ, വേസ്റ്റ് ഡിസ്പോസൽ സൗകര്യങ്ങൾ, ബയോഗ്യാസ് പ്ലാന്റ്, മഴവെള്ള സംഭരണി എന്നീ സൗകര്യങ്ങളും പൊതുവായി നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) പദ്ധതി നടപ്പിലാക്കുന്നതിന് 1956-ലെ കമ്പനി നിയമപ്രകാരം (സെക്ഷൻ -25) " ഭവനം ഫൗണ്ടേഷൻ കേരള " എന്ന കമ്പനി 11.01.2014-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. മൊത്തം 25 കോടി രൂപ ഈ |

പദ്ധതിയ്ക്ക് സംസ്ഥാന ഗവൺമെന്റ് വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ സ്ഥലം പ്ലാന്റേഷനുകൾ വിട്ടുനൽകുകയും അങ്ങനെയുള്ള പ്ലാന്റേഷനും ഭവനം ഫൗണ്ടേഷനും Beneficiary -യും കൂടി സംയുക്തമായി ഫണ്ട് വിനിയോഗിച്ച് തൊഴിലാളിയ്ക്ക് സ്വന്തമായി വീട് നൽകുകയും ചെയ്യുന്ന സംവിധാനം ആണ് ഉദ്ദേശിക്കുന്നത്. പുനലൂരുള്ള റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് (ആർ.പി.എൽ) കുളത്തൂപ്പുഴ റബ്ബർ എസ്റ്റേററിലും M/s Plantation Corporation Kerala, Kottayam (H.O) (PCK) യുടെ കാസർകോഡ് കാഷ്യൂ എസ്റ്റേറ്റിലും ഇതു സംബന്ധിച്ച് സ്ഥലം വിട്ടുനൽകുന്നതിന് തത്വത്തിൽ അംഗീകരിക്കുകയും ടി സ്ഥലങ്ങളിൽ 'ഭവനം പദ്ധതി' നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Sreeja
സെക്ഷൻ ഓഫീസർ